തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ ഇപ്പോൾ ഭരണസമിതി നിലവിലില്ല.

(ബി) ഉണ്ട്.

(സി) നടപടി കൈക്കൊള്ളുന്നതാണ്.

തൊഴിൽ കമ്മീഷൻ രൂപീകരണം

6 (*246) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് തൊഴിൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുമുൻപ് കേരളത്തിൽ തൊഴിൽ കമ്മീഷന് രൂപം നൽകിയിരുന്നുവോ ;

(സി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോയെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവോയെന്നും വിശദീകരിക്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) തൊഴിൽ നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) സംസ്ഥാനതലത്തിൽ അത്തരമൊരു കമ്മീഷനെ നിയമിച്ചിട്ടില്ല.

അംഗൻവാടി കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി

7 (*247) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗൻവാടികളിലൂടെ കുട്ടികൾക്ക് ഒരുകപ്പ് പാൽ കൊടുക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly